LIBRARY ARCHIVES Kerala Legislative Assembly

**അരൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തികൾ**

**123 (5205)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി ; ഏതൊക്കെ പ്രവൃത്തികൾ നടക്കാതെ പോയിയെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രവൃത്തികൾക്ക് മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി അനുവദിക്കാറില്ല.

**സുനാമി ദുരിതാശ്വാസ ഫണ്ട്**

**124 (5206)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുനാമി ദുരിതാശ്വാസത്തിനായുള്ള ഫണ്ടിൽ നിന്ന് എത്ര തുകയാണ് ചെലവിട്ടതെന്ന് വർഷം തിരിച്ച് അറിയിക്കാമോ ; ഏതെല്ലാം പദ്ധതികളാണ് ഇനിയും പൂർത്തിയാകാനുള്ളത് ; അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**റവന്യൂ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

**125 (5207)** ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;